**കേരള സർക്കാർ**

നം. 25248/അക്കൗണ്ട്സ് ബി2/09/ധന.

ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 14.10.2009.

**വാഹന ലേലം/ടെൻഡർ പരസ്യം**

ധനകാര്യ വകുപ്പ് വക 1996 മോഡൽ ഡീസൽ അംബാസിഡർ കാർ (നമ്പർ. KL. 01 D 4899) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പ് ഓഫീസിൽ വച്ച് 20.11.2009 വൈകുന്നേരം 4 മണിയ്ക്ക് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

നിരതദ്രവ്യം - 1500 രൂപ

വാഹനം പരിശോധിക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഓഫീസ് സമയങ്ങളിൽ വൈകുന്നേരം 3 മുതൽ 5 മണി വരെ അതിന് അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ട താണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡൻറിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (വോട്ടേഴ്സ് ഐഡൻറിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസിൻെറ കോപ്പി) കർശനമായും ഹാജരാക്കേണ്ടതാണ്. വാഹനം ടെൻഡർ വഴി വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി സീൽ ചെയ്ത ടെൻഡറുകൾ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 19.11.2009 വൈകുന്നേരം 3 മണിയ്ക്കകം ടി ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് ഇല്ലാത്ത ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. കവറിന് മുകളിൽ 'വാഹനം ലേലം

കൊള്ളുന്നതിനുള്ള ടെൻഡർ' എന്ന് പ്രത്യേകം എഴുതിയിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. ലേലം വിളി അവസാനിച്ചാലുടൻ ടെൻഡർ തുറക്കുന്നതും, ലേലത്തിലോ ടെൻഡറിലോ, ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ വ്യക്തിയ്ക്ക് ലേലം/ടെൻഡർ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം/ടെൻഡർ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്തുവച്ച് അടയ്ക്കേണ്ടതും, ബാക്കി തുക മൂന്നുദിവസത്തിനകം അടച്ച് വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ടെൻഡർ നൽകുന്ന വ്യക്തി ലേല ദിവസം ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ടെൻഡർ തുകയുടെ നാലിലൊന്ന് ഡിമാൻഡ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നാലു മണിക്കു തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെൻഡർ നടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും, താഴെ ഒപ്പു വച്ചിരിക്കുന്നയാൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

Calakshmi Rani KS

കെ.എസ്. ലക്ഷ്മിറാണി,
അഡീഷണൽ സെക്രട്ടറി (അക്കൗണ്ട്സ്).